# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Bunkering in Vizhinjam : Possibility for Crew change : Union Minister |
| 2 | Name of the publication | Malayala Manorama |
| 3 | Page no | 4 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

## വിഴിഞ്ഞത്ത് ബങ്കറിങ്, ക്രൂ ചേഞ്ച് സേവനങ്ങൾക്ക് സാധ്യത: കേന്ദ്രമന്ത്രി

വിഴിഞ്ഞം ● രാജ്യാന്തര തുറമുഖ പ്രവർത്തനം ആരംഭിക്കുന്നതോടെ കപ്പൽ അനുബന്ധ സേവനങ്ങളായ ബങ്കറിങ്, ക്രൂ ചേഞ്ച് ഉൾപ്പെടെയുള്ള സാധ്യതകളും തുറക്കുമെന്നു കേന്ദ്ര മന്ത്രി പർഷോത്തം രൂപാല. വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമാണത്തിന്റെ പുരോഗതി വിലയിരുത്തിയശേഷം ഉദ്യോഗസ്ഥരുമായുള്ള ചർച്ചയിലാണു ക്രൂ ചേഞ്ചിനുള്ള സാധ്യതകൾ മന്ത്രി പരാമർശിച്ചത്. ഇതോടെ കേന്ദ്രത്തിൽ നിന്നു വിഴിഞ്ഞം വികസനത്തിനു കൂടുതൽ അനുകൂല നടപടികൾ ഉണ്ടാകുമെന്ന പ്രതീക്ഷയുയർന്നു. കോവിഡ് കാലത്ത് വിഴിഞ്ഞത്തു തുടക്കമിട്ട ക്രൂ ചേഞ്ചിനു പിന്നീട് അനുമതി നൽകിയിരുന്നില്ല.

സർക്കാരിന്റെ സാഗർ പരിക്രമ പരിപാടിയുടെ ഭാഗമായി എത്തിയ മന്ത്രി തുറമുഖ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങളും നൽകി. രാജ്യാന്തര കപ്പൽ പാതയുമായുള്ള അടുപ്പം വിഴിഞ്ഞത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നതായി മന്ത്രി പറഞ്ഞു. എം. വിൻസന്റ് എംഎൽഎ, വിഴിഞ്ഞം രാജ്യാന്തര സീപോർട്ട് ലിമിറ്റഡ് എംഡി ഡോ. അദീല അബ്ദുള്ള, അദാനി ഗ്രൂപ്പ് പ്രതിനിധികളായ കെ.സുശീൽ നായർ, എ.സുനിൽ കുമാർ, ഡോ. അനിൽ ബാലകൃഷ്ണൻ തുടങ്ങിയവരും പങ്കെടുത്തു.



കേന്ദ്ര സർക്കാർ സാഗർ പരിക്രമ പരിപാടിയുടെ ഏഴാം ഘട്ടത്തിന്റെ ഭാഗമായി കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഇന്നലെ വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമാണ കേന്ദ്രം സന്ദർശിച്ചപ്പോൾ. എം. വിൻസന്റ് എംഎൽഎ, മന്ത്രിയുടെ ഭാര്യ സവിതബെൻ രൂപാല, ബിജെപി ജില്ലാ പ്രസിഡന്റ് വി.വി രാജേഷ്, വിഴിഞ്ഞം രാജ്യാന്തര സീപോർട്ട് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള തുടങ്ങിയവർ സമീപം. ചിത്രം: മനോരമ

മന്ത്രിയുടെ പത്നി സവിത ബെൻ രൂപാല, ബിജെപി നേതാക്കളായ ശോഭ സുരേന്ദ്രൻ, വി.വി. രാജേഷ് തുടങ്ങിയവരും ഒപ്പമുണ്ടായിരുന്നു. മുട്ടത്തറയിലെ മത്സ്യത്തൊഴിലാളി ഭവനസമുച്ചയം, മത്സ്യഫെഡ് ഫിഷ്നെറ്റ് ഫാക്ടറി എന്നിവ സന്ദർശിച്ച മന്ത്രി മത്സ്യത്തൊഴിലാളികളുമായി ആശയവിനിമയം നടത്തി. കാസർകോട്ട് 8 ന് ആരംഭിച്ച ഏഴാം ഘട്ട സാഗർ പരിക്രമ യാത്രയാണു തലസ്ഥാനത്തു സമാപിച്ചത്.

### ഇടവക സന്ദർശിച്ചു

വിഴിഞ്ഞം ● മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണയുടെ ദൗർലഭ്യം, തീരശോഷണം, ബ്ലൂ ഇക്കോണമി തുടങ്ങിയവയിൽ കേന്ദ്രമന്ത്രിക്കു മുൻപിൽ ആശങ്കയറിയിച്ച് വിഴിഞ്ഞം ഇടവക. സന്ദർശനത്തിനെത്തിയ കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാലക്കു മുൻപിൽ ഇടവക വികാരി മോൺ.ഡോ. നിക്കോളാസിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത ഫിഷറീസ് ഡയറക്ടർ ഫാ. സാജൻ ജോസ്, ടിഎംഎഫ് രൂപത പ്രസിഡന്റ് വിഴിഞ്ഞം ജെ. റോബർട്ട്, വൈസ് പ്രസിഡന്റ് ഇ.വിൻസെന്റ്, ഇടവക സെക്രട്ടറി എസ്.ആന്റണി, കോ - ഓർഡിനേറ്റർ ലിയോ സ്റ്റാൻലി,കൗൺസിലർ പനിയടിമ ജോൺ എന്നിവരാണു വിഷയങ്ങൾ അവതരിപ്പിച്ചത്. ബിജെപി നേതാക്കളായ ശോഭ സുരേന്ദ്രൻ, വെങ്ങാനൂർ കെ.സതീഷ്, മുക്കോല ജി.പ്രഭാകരൻ,ജി.ജെ.രാജ്മോഹൻ എന്നിവർ മന്ത്രിക്കൊപ്പമുണ്ടായിരുന്നു.

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Union Minister Parshotham Rupala visited Vizhinjam, interacted with fishermen |
| 2 | Name of the publication | Mathrubhumi |
| 3 | Page no | 2 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

മത്സ്യത്തൊഴിലാളികളുമായി സംവാദം

## കേന്ദ്രമന്ത്രി പർഷോത്തം രുപാല മുട്ടത്തറ മത്സ്യഗ്രാമം സന്ദർശിച്ചു



കേന്ദ്ര ഗവൺമെന്റിന്റെ സാഗർ പരിക്രമ പരിപാടിയുടെ ഏഴാം ഘട്ടത്തിന്റെ ഭാഗമായി തിരുവനന്തപുരം മുട്ടത്തറയിലെ മത്സ്യത്തൊഴിലാളി ഭവനസമുച്ചയം സന്ദർശിക്കാനെത്തിയ കേന്ദ്രമന്ത്രി പർഷോത്തം രുപാല മത്സ്യത്തൊഴിലാളികൾക്കൊപ്പം സൗഹൃദം പങ്കിട്ടപ്പോൾ

**തിരുവനന്തപുരം** ▸ കേന്ദ്ര സർക്കാരിന്റെ സാഗർ പരിക്രമ പരിപാടിയുടെ ഭാഗമായി കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രുപാല മുട്ടത്തറ മത്സ്യഗ്രാമം സന്ദർശിച്ച് മീൻപിടിത്ത തൊഴിലാളികളുമായി സംവദിച്ചു.

ഫ്ലാറ്റുകളിലെ സൗകര്യങ്ങളുടെ അപര്യാപ്തതയും മണ്ണെണ്ണ ലഭിക്കുന്നതിനുള്ള പ്രയാസങ്ങളും അവർ മന്ത്രിയെ ധരിപ്പിച്ചു. ജീവിതസാഹചര്യങ്ങളെക്കുറിച്ച് ചോദിച്ചു മനസ്സിലാക്കിയ മന്ത്രി പ്രശ്നങ്ങൾക്കു പരിഹാരം കാണാനുള്ള നടപടികളുണ്ടാകുമെന്ന് ഉറപ്പുനൽകി.

ഫിഷറീസ് വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീലു എൻ.എസ്., ജോയിന്റ് ഡയറക്ടർ സ്മിത ആർ.നായർ, ഡെപ്യൂട്ടി ഡയറക്ടർ ഷീജാമേരി, അനിൽകുമാർ, സജീവ്കുമാർ എന്നിവർ മന്ത്രിയെ സ്വീകരിച്ചു.

മുട്ടത്തറയിലെ വലനിർമാണ ഫാക്ടറിയും മന്ത്രി സന്ദർശിച്ചു. കണ്ണിവലുപ്പം കുറഞ്ഞ വലകൾ നിർമിക്കാതെ മത്സ്യസമ്പത്ത് സംരക്ഷിക്കണമെന്നും ചെറുമീനുകളെ പിടിക്കാതിരിക്കാൻ പ്രത്യേക നിരീക്ഷണം ഉണ്ടാകണമെന്നും അദ്ദേഹം ഉദ്യോഗസ്ഥർക്കു നിർദേശം നൽകി. കൂടുതൽ വലനിർമാണ ഫാക്ടറികൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്നും ഉറപ്പുനൽകി.

വിവിധ പദ്ധതികൾക്കുള്ള സഹായം അഭ്യർഥിച്ച് മത്സ്യഫെഡ് ചെയർമാൻ ടി.മനോഹരൻ മന്ത്രിക്കു നിവേദനം നൽകി. എം.ഡി.യുടെ ചുമതല വഹിക്കുന്ന ജനറൽ മാനേജർ എം.എസ്.ഇർഷാദ്, ഭരണസമിതി അംഗങ്ങളായ ജെറാൾഡ്, ഗ്രേസി എന്നിവർ മന്ത്രിയെ സ്വീകരിച്ചു. ബി.ജെ.പി. സംസ്ഥാന വൈസ് പ്രസിഡന്റ് ശോഭാ സുരേന്ദ്രനും മന്ത്രിയോടൊപ്പമുണ്ടായിരുന്നു.

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | International harbour will open various development possibilities : Union Minister ;Visit fishnet centre in Muttathara |
| 2 | Name of the publication | Kerala Kaumudi |
| 3 | Page no | 3 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

## രാജ്യാന്തര തുറമുഖം നിരവധി വികസന സാദ്ധ്യതകൾ തുറക്കും: കേന്ദ്രമന്ത്രി



*വിഴിഞ്ഞം തുറമുഖം സന്ദർശിച്ച കേന്ദ്രമന്ത്രി പർഷോത്തം രൂപാലെയും ഭാര്യ സവിതബെന്നും തുറമുഖ കമ്പനി ഉദ്യോഗസ്ഥർക്കൊപ്പം*

വിഴിഞ്ഞം: വിഴിഞ്ഞം രാജ്യാന്തര തുറമുഖ പ്രവർത്തനം ആരംഭിക്കുന്നതോടെ ഇവിടം കേന്ദ്രീകരിച്ച് ബങ്കറിംഗ്,ക്രൂ ചെയ്ഞ്ച് തുടങ്ങി നിരവധി വികസന സാദ്ധ്യതകളാണ് തുറക്കുന്നതെന്ന് വിഴിഞ്ഞം തുറമുഖം സന്ദർശിച്ച കേന്ദ്രമന്ത്രി പർഷോത്തം രൂപാലെ പറഞ്ഞു. കേന്ദ്രസർക്കാർ സാഗർ പരിക്രമ പരിപാടിയുടെ ഏഴാംഘട്ടത്തിന്റെ ഭാഗമായാണ് കേന്ദ്രമന്ത്രി വിഴിഞ്ഞം തുറമുഖം സന്ദർശിച്ചത്. മന്ത്രി രാജ്യാന്തര തുറമുഖ പദ്ധതിയുടെ പുരോഗതി വിലയിരുത്തി. പദ്ധതി നിർമ്മാണവേഗതയിൽ അധികൃതരെ അഭിനന്ദിച്ച്, നിർദേശങ്ങളും നൽകി.

2024 മേയിൽ തുറമുഖത്തിന്റെ ഒന്നാംഘട്ടം പൂർത്തിയാകുമെന്നറിഞ്ഞ മന്ത്രി പോർട്ട് ഉദ്യോഗസ്ഥരെ അഭിനന്ദിച്ചു. എം.വിൻസന്റ് എം.എൽ.എ, വിഴിഞ്ഞം രാജ്യാന്തര സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള, അദാനി വിഴിഞ്ഞം തുറമുഖ കമ്പനി ഉദ്യോഗസ്ഥരായ കെ. സുശീൽ നായർ, എ. സുനിൽകുമാർ, ഡോ. അനിൽ ബാലകൃഷ്ണൻ എന്നിവർ അവലോകന യോഗത്തിൽ പങ്കെടുത്തു. മന്ത്രിയുടെ ഭാര്യ സവിതബെൻ രൂപാലെ, ബി.ജെ.പി നേതാക്കളായ ശോഭ സുരേന്ദ്രൻ, വി.വി. രാജേഷ്, വെങ്ങാനൂർ കെ. സതീഷ്, ജി.ജെ. രാജ്മോഹൻ, മുക്കോല ജി. പ്രഭാകരൻ എന്നിവരും ഒപ്പമുണ്ടായിരുന്നു. മുല്ലൂരിൽ തുറമുഖ പ്രദേശത്തിന് 500 മീറ്റർ ചുറ്റളവിൽ ഏർപ്പെടുത്തിയിരിക്കുന്ന നിർമ്മാണ നിയന്ത്രണം പിൻവലിക്കുക, മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേന്ദ്രമന്ത്രി പർഷോത്തം രൂപാലയ്ക്ക് എം. വിൻസന്റ് എം.എൽ.എ നിവേദനം നൽകി. വിഴിഞ്ഞം ഇടവകയിലെത്തിയ കേന്ദ്രമന്ത്രിക്ക് മുന്നിൽ വിഴിഞ്ഞം മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ അവതരിപ്പിച്ചു. വിഴിഞ്ഞം ഇടവക വികാരി ഡോ. നിക്കോളാസിന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത ഫിഷറീസ് ഡയറക്ടർ ഫാ. സാജൻ ജോസ്, ടി.എം.എഫ് രൂപത പ്രസിഡന്റ് വിഴിഞ്ഞം ജെ. റോബർട്ട്, വൈസ് പ്രസിഡന്റ് ഇ. വിൻസെന്റ്, ഇടവക സെക്രട്ടറി എസ്. ആന്റണി, കോഓർഡിനേറ്റർ ലിയോ സ്റ്റാൻലി, കൗൺസിലർ പനിയടിമ ജോൺ എന്നിവരാണ് സംസാരിച്ചത്.

### മുട്ടത്തറ വലനിർമ്മാണ ശാല സന്ദർശിച്ചു



*കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി പർഷോത്തം രൂപാല മുട്ടത്തറ വല നിർമ്മാണശാല സന്ദർശിക്കുന്നു. ഡോ. അഭിലക്ഷ് ലിഖി ഐ.എ.എസ് സമീപം*

ശംഖുമുഖം: മുട്ടത്തറയിലെ മത്സ്യത്തൊഴിലാളി ഭവനസമുച്ചയവും മത്സ്യഫെഡ് ഫിഷ്നെറ്റ് ഫാക്ടറിയും കേന്ദ്രമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശിച്ചു. ഫാക്ടറിയിൽ വലനിർമ്മാണ പ്രവർത്തനങ്ങളുടെ ഉല്പാദം നേരിൽ കണ്ട് കേന്ദ്രമന്ത്രി വിലയിരുത്തി. സംസ്ഥാനത്തെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് അടിയന്തരമായി നടപ്പിലാക്കേണ്ട പദ്ധതികളുടെ വിവരങ്ങൾ അടങ്ങുന്ന നിവേദനം മത്സ്യഫെഡ് ചെയർമാൻ പി. മനോഹരൻ കേന്ദ്രമന്ത്രിക്ക് കൈമാറി.

നിവേദനത്തിൽ ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ പരിശോധിച്ച് വേഗത്തിൽ നടപടികൾ ഉണ്ടാകുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

കേന്ദ്ര ഫിഷറീസ് സെക്രട്ടറി ജിതേന്ദ്രനാഥ് സ്വയിൻ മന്ത്രിയെ അനുഗമിച്ചു. മത്സ്യഫെഡ് ജനറൽ മാനേജർ എം.എസ്. ഇർഷാദ്, മത്സ്യഫെഡ് കോർമേഴ്സൽ ഓപ്പറേഷൻ ഡപ്യൂട്ടി ജനറൽ മാനേജർ ലാലാജി എന്നിവർ വലനിർമ്മാണശാലയുടെ പ്രവർത്തനങ്ങൾ മന്ത്രിയോട് വിവരിച്ചു.

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Union Minister Parshotham Rupala visit Vizhinjam international harbour |
| 2 | Name of the publication | Mangalam |
| 3 | Page no | 6 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

## കേന്ദ്രമന്ത്രി പർഷോത്തം രുപാല വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് സന്ദർശനം നടത്തി

തിരുവനന്തപുരം: കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രി പർഷോത്തം രുപാല വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് സന്ദർശനം നടത്തി തുറമുഖ പദ്ധതിയുടെ നിർമാണ പുരോഗതി വിലയിരുത്തി. വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്ന തിനുള്ള നിർദേശങ്ങളും മന്ത്രി യോഗത്തിൽ പങ്കുവച്ചു. ഈ വർഷം സെപ്റ്റംബറോടെ ആദ്യത്തെ കപ്പൽ വിഴിഞ്ഞം തുറമുഖത്ത് അടുക്കുമെന്ന് യോഗത്തിൽ തുറമുഖ നിർമ്മാണ കമ്പനി അധികൃതർ കേന്ദ്രമന്ത്രിയെ അറിയിച്ചു. 2024 മെയ് മാസത്തോടെ തുറമുഖത്തിന്റെ ഒന്നാം ഘട്ടം പൂർണമാകുമെന്ന് കേന്ദ്രമന്ത്രി കയ അറിയിച്ച പോർട്ട് ഉദ്യോഗസ്ഥരെ മന്ത്രി അഭിനന്ദിച്ചു. എം. വിൻസന്റ് എംഎൽഎ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള തുടങ്ങിയവർ അവലോകന യോഗത്തിൽ പങ്കെടുത്തു.രാവിലെ മുട്ടത്തറയിലെ മത്സ്യത്തൊഴിലാളി ഭവനസമുച്ചയവും മത്സ്യഫെഡ് ഫിഷ്നെറ്റ് ഫാക്ടറിയും കേന്ദ്ര മന്ത്രി സന്ദർശിക്കുകയും മത്സ്യത്തൊഴിലാളികളുമായും ഫിഷ്നെറ്റ് ഫാക്ടറിയിലെ ജീവനക്കാരുമായും ആശയവിനിമയവും നടത്തി. തുടർന്ന് വിഴിഞ്ഞത്ത് എത്തിയ കേന്ദ്ര മന്ത്രി വിഴിഞ്ഞം ഇടവക ഭാരവാഹികളുമായും മത്സ്യ തൊഴിലാളി പ്രതി നിധികളുമായി കൂടിക്കാഴ്ച നടത്തി.വിഴിഞ്ഞം ഇടവകയിലെത്തിയ മന്ത്രിയെ വികാരി ഫാ. നിക്കോളസ് സെക്രട്ടറി ആന്റണി എന്നിവർ സ്വീകരിച്ചു. നഗരസഭ കൗൺസിലർ പനിയടിമ, ഫാ.ഷാജിൻ, വിൻസെന്റ്, റോബർട്ട് എന്നിവർ കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

ബി.ജെ.പി. നേതാക്കളായ ശോഭ സുരേന്ദ്രൻ, വി.വി. രാജേഷ്, വെങ്ങാനൂർ സതീശ് എന്നിവരും മന്ത്രിക്കൊപ്പം ഉണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സാഗർ പരിക്രമ പരിപാടിയുടെ ഏഴാം ഘട്ടത്തിന്റെ ഭാഗമായാണ് കേന്ദ്ര മന്ത്രി കേരളത്തിൽ വിഴിഞ്ഞം അടക്കമുള്ള വിവിധ ഇടങ്ങളിൽ സന്ദർശനം നടത്തിയത്.

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Sagar Parikrama : Progress of Vizhinjam harbour reviewed |
| 2 | Name of the publication | Metro Vaartha |
| 3 | Page no | 2 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

## സാഗർ പരിക്രമ : വിഴിഞ്ഞം പദ്ധതിയുടെ പുരോഗതി വിലയിരുത്തി

തിരുവനന്തപുരം : കേന്ദ്ര ഗവൺമെന്റിന്റെ സാഗർ പരിക്രമ പരിപാടിയുടെ ഏഴാം ഘട്ടത്തിന്റെ ഭാഗമായി കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സന്ദർശിച്ചു. പദ്ധതിയുടെ നിർമാണ പുരോഗതി വിലയിരുത്തി.

വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങൾ പർഷോത്തം രൂപാല യോഗത്തിൽ പങ്കുവച്ചു. ഈ വർഷം സെപ്റ്റംബറോടെ ആദ്യത്തെ കപ്പൽ വിഴിഞ്ഞം തുറമുഖത്ത് അടുക്കുമെന്നും ഉദ്യോഗസ്ഥർ കേന്ദ്രമന്ത്രിയെ അറിയിച്ചു. അടുത്ത മെയ് മാസത്തോടെ തുറമുഖത്തിന്റെ ഒന്നാം ഘട്ടം പൂർണമാകുമെന്നതിൽ കേന്ദ്രമന്ത്രി പോർട്ട് ഉദ്യോഗസ്ഥരെ അഭിനന്ദിച്ചു. എം. വിൻസെന്റ് എംഎൽഎ, വിഴിഞ്ഞം ഇന്റർനാഷനൽ സീപോർട്ട് ലിമിറ്റഡ് മാനേജിങ് ഡയറക്റ്റർ ഡോ. അദീല അബ്ദുള്ള തുടങ്ങിയവർ അവലോകന യോഗത്തിൽ പങ്കെടുത്തു.

നേരത്തെ മുട്ടത്തറയിലെ മത്സ്യത്തൊഴിലാളി ഭവനസമുച്ചയവും മത്സ്യഫെഡ് ഫിഷ്നെറ്റ് ഫാക്റ്ററിയും കേന്ദ്രമന്ത്രി സന്ദർശിച്ചു. മത്സ്യത്തൊഴിലാളികളുമായും ഫിഷ്നെറ്റ് ഫാക്റ്ററിയിലെ ജീവനക്കാരുമായും അദ്ദേഹം ആശയവിനിമയം നടത്തി.

കാസർഗോഡ് 8-ന് ആരംഭിച്ച 5 ദിവസത്തെ സാഗർ പരിക്രമ യാത്രയുടെ ഏഴാം ഘട്ടം തിരുവനന്തപുരത്ത് സമാപിച്ചു. മത്സ്യത്തൊഴിലാളികളെയും മത്സ്യകർഷകരെയും വിവിധ ഗവൺമെന്റ് പദ്ധതികളുടെ ഗുണഭോക്താക്കളെയും കാണാനും സംവദിക്കാനും അവരുടെ പ്രശ്നങ്ങൾ അറിയുകയുമായിരുന്നു സാഗർ പരിക്രമ യാത്രയുടെ ലക്ഷ്യം.

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Sagar Parikrama : Progress of Vizhinjam harbour reviewed |
| 2 | Name of the publication | Deepika |
| 3 | Page no | 9 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

## സാഗർ പരിക്രമ: കേന്ദ്ര ഫിഷറീസ് മന്ത്രി വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പുരോഗതി വിലയിരുത്തി

വിഴിഞ്ഞം : കേന്ദ്ര ഗവൺമെന്റിന്റെ സാഗർ പരിക്രമ പരിപാടിയുടെ ഏഴാം ഘട്ടത്തിന്റെ ഭാഗമായി കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രി പർഷോത്തം രൂപാല വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമാണ പുരോഗതി വിലയിരുത്തി.

വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങൾ പർഷോത്തം രൂപാല യോഗത്തിൽ പങ്കുവച്ചു. ഈ വർഷം സെപ്റ്റംബറോടെ ആദ്യത്തെ കപ്പൽ വിഴിഞ്ഞം തുറമുഖത്ത് അടുക്കുമെന്നും യോഗത്തിൽ ഉദ്യോഗസ്ഥർ കേന്ദ്രമന്ത്രിയെ അറിയിച്ചു.

2024 മേയ് മാസത്തോടെ തുറമുഖത്തിന്റെ ഒന്നാം ഘട്ടം പൂർണമാകുമെന്നതിൽ കേന്ദ്രമന്ത്രി പോർട്ട് ഉദ്യോഗസ്ഥരെ അഭിനന്ദിച്ചു. എം. വിൻസന്റ് എംഎൽഎ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള തുടങ്ങിയവർ അവലോകന യോഗത്തിൽ പങ്കെടുത്തു.

മുട്ടത്തറയിലെ മത്സ്യത്തൊഴിലാളി ഭവനസമുച്ചയവും മത്സ്യഫെഡ് ഫിഷ്നെറ്റ് ഫാക്ടറിയും കേന്ദ്ര മന്ത്രി സന്ദർശിച്ചു.

മത്സ്യത്തൊഴിലാളികളുമായും ഫിഷ്നെറ്റ് ഫാക്ടറിയിലെ ജീവനക്കാരുമായും അദ്ദേഹം ആശയവിനിമയം നടത്തി.

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Fishermen shares anxiety with Union Fisheries Minister |
| 2 | Name of the publication | Deepika |
| 3 | Page no | 10 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

തീരദേശപരിപാലന നിയമത്തിലെ

## ആശങ്കകൾ കേന്ദ്രമന്ത്രിയോട് പങ്കുവച്ച് മത്സ്യത്തൊഴിലാളികൾ



# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Union Minister Parshotham Rupala meets Mata Amrithanandamayi |
| 2 | Name of the publication | Deepika |
| 3 | Page no | 10 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

## കേന്ദ്രമന്ത്രി പർഷോത്തം രൂപാല മാതാ അമൃതാനന്ദമയിയെ സന്ദർശിച്ചു

[illegible]



[illegible]

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Sagar Parikrama : Union Minister Parshotham Rupala reviews progress of Vizhinjam harbour |
| 2 | Name of the publication | Janmabhumi |
| 3 | Page no | 2 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

## സാഗർ പരിക്രമ: കേന്ദ്ര മന്ത്രി പർഷോത്തം രൂപാല വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പുരോഗതി വിലയിരുത്തി

**തിരുവനന്തപുരം:** കേന്ദ്ര ഗവൺമെന്റിന്റെ സാഗർ പരിക്രമ പരിപാടിയുടെ ഏഴാം ഘട്ടത്തിന്റെ ഭാഗമായി കേന്ദ്രമന്ത്രി പർഷോത്തം രൂപാല വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സന്ദർശിക്കുകയും വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമാണ പുരോഗതി വിലയിരുത്തുകയും ചെയ്തു. വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങളും നൽകി. ഈ വർഷം സെപ്തംബറോടെ ആദ്യത്തെ കപ്പൽ വിഴിഞ്ഞം തുറമുഖത്ത് അടുക്കുമെന്നും യോഗത്തിൽ ഉദ്യോഗസ്ഥർ കേന്ദ്രമന്ത്രിയെ അറിയിച്ചു. എം. വിൻസന്റ് എംഎൽഎ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള തുടങ്ങിയവർ അവലോകന യോഗത്തിൽ പങ്കെടുത്തു.

നേരത്തെ മുട്ടത്തറയിലെ മത്സ്യത്തൊഴിലാളി ഭവനസമുച്ചയവും മത്സ്യഫെഡ് ഫിഷ്നെറ്റ് ഫാക്ടറിയും കേന്ദ്ര മന്ത്രി സന്ദർശിച്ചു. മത്സ്യത്തൊഴിലാളികളുമായും ഫിഷ്നെറ്റ് ഫാക്ടറിയിലെ ജീവനക്കാരുമായും അദ്ദേഹം ആശയവിനിമയം നടത്തി.

കാസർകോട് ജൂൺ 8ന് ആരംഭിച്ച അഞ്ച് ദിവസത്തെ സാഗർ പരിക്രമ യാത്രയുടെ ഏഴാം ഘട്ടം തിരുവനന്തപുരത്ത് സമാപിച്ചു. മത്സ്യത്തൊഴിലാളികളെയും മത്സ്യകർഷകരെയും വിവിധ ഗവൺമെന്റ് പദ്ധതികളുടെ ഗുണഭോക്താക്കളെയും കാണാനും സംവദിക്കാനും അവരുടെ പ്രശ്നങ്ങളെ അറിയാനും രാജ്യത്തെ മത്സ്യബന്ധന മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്താനുമുള്ള അവരുടെ നിർദേശങ്ങൾ മനസ്സിലാക്കുകയുമായിരുന്നു സാഗർ പരിക്രമ യാത്രയുടെ ലക്ഷ്യം.



കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രി പർഷോത്തം രൂപാല മുട്ടത്തറയിലെ മത്സ്യഫെഡ് ഫിഷ് നെറ്റ് ഫാക്ടറി സന്ദർശിച്ചപ്പോൾ

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Union Minister see plight of fishermen |
| 2 | Name of the publication | Janmabhumi |
| 3 | Page no | 5 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

ചോർന്നൊലിക്കുന്ന ഫ്ലാറ്റുകൾ, വെള്ളം കെട്ടിനിൽക്കുന്ന ഡ്രയിനേജ് സംവിധാനം

## മത്സ്യത്തൊഴിലാളികളുടെ ദുരവസ്ഥ നേരിട്ട് കണ്ട് കേന്ദ്രമന്ത്രി

**തിരുവനന്തപുരം:** ചോർന്നൊലിക്കുന്ന ഫ്ലാറ്റുകളിൽ താമസിക്കേണ്ട ദുരവസ്ഥ, വെള്ളം കെട്ടിനിൽക്കുന്ന ഡ്രയിനേജ് സംവിധാനം... കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാലയ്ക്ക് നേരിട്ട് കാണിച്ച് കൊടുത്ത് മുട്ടത്തറയിലെ മത്സ്യത്തൊഴിലാളികൾ. വൈദ്യുതി നിരക്ക് വർധനവും മണ്ണെണ്ണ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും മത്സ്യത്തൊഴിലാളികളുടെ സങ്കടകടലായി. തങ്ങളുടെ തീരാ വേദനകൾക്കു മുന്നിൽ സംസ്ഥാന സർക്കാർ കണ്ണടയ്ക്കുകയാണെന്നും തീരദേശവാസികൾ.

കേന്ദ്ര സർക്കാരിന്റെ സാഗർ പരിക്രമ പരിപാടിയുടെ ഏഴാം ഘട്ടത്തിന്റെ ഭാഗമായി കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രി പർഷോത്തം രൂപാല തിരുവനന്തപുരം മുട്ടത്തറയിലെ മത്സ്യബന്ധന ഗ്രാമവും മത്സ്യഫെഡ് ഫാക്ടറിയും സന്ദർശിക്കവെയാണ് തങ്ങളുടെ ദുരവസ്ഥ മന്ത്രിക്ക് നേരിട്ട് കാണിച്ചു കൊടുത്തത്. രാവിലെ ഒൻപതു മണിയോടെ മുട്ടത്തറയിലെ മത്സ്യബന്ധന ഗ്രാമത്തിൽ എത്തിയ കേന്ദ്രമന്ത്രി കോളനിയിലെ മത്സ്യത്തൊഴിലാളികളുമായി സംസാരിച്ചു.

പൊട്ടിപ്പോയ വലകൾ നെയ്യാൻ നൂതന സംവിധാനങ്ങൾ ഉപയോഗിക്കാൻ കഴിയുമോയെന്ന് ചിന്തിക്കണമെന്ന് മന്ത്രി പറഞ്ഞു. പൊട്ടിപ്പോയ വല പരമ്പരാഗത രീതിയിൽ നെയ്യുന്നതു കണ്ടപ്പോഴാണ് മന്ത്രി ഇതു സംബന്ധിച്ച നിർദേശം വച്ചത്. മന്ത്രിയെ സ്വീകരിക്കാൻ കോളനിയിലെ താമസക്കാരും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും എത്തിയിരുന്നു. അഡിഷണൽ ഡയറക്ടർ ശ്രീലു എൻ.എസ്., ജോയിന്റ് ഡയറക്ടർ സ്മിത ആർ. നായർ, ഡെപ്യൂട്ടി ഡയറക്ടർ ഷീജമേരി, അനിൽകുമാർ, സജീവ്കുമാർ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ കോളനിയിൽ മന്ത്രിയെ സ്വീകരിച്ചു.

കണ്ണിവലിപ്പം കുറഞ്ഞ വലകൾ നിർമിക്കാതെ മത്സ്യസമ്പത്ത് സംരക്ഷിക്കണമെന്നും ചെറുമീനുകളെ പിടിക്കാതിരിക്കാൻ പ്രത്യേക നിരീക്ഷണം ഉണ്ടാകണമെന്നും കേന്ദ്രമന്ത്രി മത്സ്യഫെഡിന്റെ വല നിർമാണകേന്ദ്രം സന്ദർശിച്ചപ്പോൾ ഉദ്യോഗസ്ഥർക്ക് നിർദേശം നല്കി. കൂടുതൽ വല നിർമാണ ഫാക്ടറികൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്നും എൻസിഡിസി 2022-23 വർഷത്തിൽ സമർപ്പിച്ചിട്ടുള്ള 35 കോടിയുടെ പദ്ധതിയിൽ അടിയന്തര നടപടി ഉണ്ടാകണമെന്ന ആവശ്യം പരിഗണിക്കാമെന്നും മന്ത്രി ഉറപ്പുനല്കി.

പരിസ്ഥിതി മലിനീകരണവുമായി ബന്ധപ്പെട്ട് ബോട്ടുകൾ മണ്ണെണ്ണയിൽ നിന്ന് പെട്രോളിലേക്കും എൽപിജിയിലേക്കും മാറുന്നതിനുള്ള കിറ്റുകൾ ഘടിപ്പിക്കുന്നതിനുള്ള പദ്ധതിയും, ഐസ് പ്ലാന്റുകളും 14 ജില്ലകളിലും സീഫുഡ് റസ്റ്റോറന്റുകൾ ആരംഭിക്കുന്ന പദ്ധതിയിലും സഹായം അഭ്യർത്ഥിച്ച് മത്സ്യഫെഡ് ചെയർമാൻ ടി. മനോഹരൻ മന്ത്രിക്ക് നിവേദനം നല്കി. എംഡിയുടെ ചുമതല വഹിക്കുന്ന ജനറൽ മാനേജർ ഇർഷാദ് എം.എസ്., ഭരണസമിതി അംഗങ്ങളായ ജെറാൾഡ്, ഗ്രേസി, ഡിജിഎം (കൊമേഴ്സ്യൽ ഓപ്പറേഷൻ) ലാലാജി, ഡിജിഎം (അക്വാകൾചർ) എൻ. അനിൽ, ഡിജിഎം (ഫിനാൻസ്) ഹരിദാസ് എന്നിവർ മന്ത്രിയെ സ്വീകരിച്ചു. ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് ശോഭാ സുരേന്ദ്രനും പങ്കെടുത്തു.

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Vizhinjam harbour : Union Minister lauds pace of work |
| 2 | Name of the publication | Deshabhimani |
| 3 | Page no | 2 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

വിഴിഞ്ഞം തുറമുഖം

## നിർമാണവേഗത്തെ അഭിനന്ദിച്ച് കേന്ദ്രമന്ത്രി

- കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം വിഴിഞ്ഞത്തെത്തി
- 2024 മേയിൽ തുറമുഖത്തിന്റെ ഒന്നാം ഘട്ടം പൂർണമാകും

**കോവളം**

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ നിർമാണം ദ്രുതഗതിയിൽ നടക്കുന്നതിന്റെ സന്തോഷം പങ്കുവച്ച് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാലെ. തുറമുഖം പ്രവർത്തനം ആരംഭിക്കുന്നതോടെ ബങ്കറിങ്, ക്രൂ ചെയ്ഞ്ച് തുടങ്ങി നിരവധി വികസന സാധ്യതകളാണ് തുറക്കുന്നതെന്നും വിഴിഞ്ഞം തുറമുഖം സന്ദർശിച്ച് അദ്ദേഹം പറഞ്ഞു.

കേന്ദ്ര സർക്കാർ സാഗർ പരിക്രമ പരിപാടിയുടെ ഏഴാംഘട്ട ഭാഗമായിട്ടായിരുന്നു മന്ത്രിയുടെ സന്ദർശനം. രാജ്യാന്തര തുറമുഖ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയ മന്ത്രി നിർമാണവേഗതയിൽ അധികൃതരെ അഭിനന്ദിച്ചു. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങളും നൽകി. 2024 മേയിൽ തുറമുഖത്തിന്റെ ഒന്നാം ഘട്ടം പൂർണമാകുമെന്നറിഞ്ഞ മന്ത്രി പോർട്ട് ഉദ്യോഗസ്ഥരെ അഭിനന്ദിച്ചു. എം വിൻസന്റ് എംഎൽഎ, വിഴിഞ്ഞം രാജ്യാന്തര സീപോർട്ട് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള, അദാനി വിഴിഞ്ഞം തുറമുഖ കമ്പനി ഉദ്യോഗസ്ഥരായ കെ സുശീൽ നായർ, എ സുനിൽകുമാർ, ഡോ. അനിൽ ബാലകൃഷ്ണൻ എന്നിവരും അവലോകന യോഗത്തിൽ പങ്കെടുത്തു.

തുടർന്ന് വിഴിഞ്ഞം ഇടവകയിൽ എത്തിയ കേന്ദ്ര മന്ത്രിക്കുമുന്നിൽ വിഴിഞ്ഞം മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ, മണ്ണെണ്ണ ലഭ്യതാ പ്രശ്നം, തീരശോഷണം, ബ്ലൂ ഇക്കോണമി എന്നിവ സംബന്ധിച്ച ആശങ്കകൾ അവതരിപ്പിച്ചു. വിഴിഞ്ഞം ഇടവക വികാരി മോൺസ് ഡോ. നിക്കോളാസ് അധ്യക്ഷനായി. തിരുവനന്തപുരം ലത്തീൻ അതിരൂപതാ ഫിഷറീസ് ഡയറക്ടർ ഫാ. സാജൻ ജോസ്, ജെ റോബർട്ട്, ഇ വിൻസെന്റ്, എസ് ആന്റണി, ലിയോ സ്റ്റാൻലി, പനിയടിമ ജോൺ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു.

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Union Minister visit Vizhinjam |
| 2 | Name of the publication | Deshabhimani |
| 3 | Page no | 11 |
| 4 | Date | 13-06-2023 |
| 5 | Language of publication | Malayalam |
| 6 | Place of publication | Thiruvananthapuram |

## കേന്ദ്രമന്ത്രി വിഴിഞ്ഞം തുറമുഖം സന്ദർശിച്ചു

**തിരുവനന്തപുരം**

കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രുപാല വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സന്ദർശിച്ചു. പദ്ധതി നിർമാണ പുരോഗതി വിലയിരുത്തി. അവലോകന യോഗത്തിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള, എം വിൻസന്റ് എംഎൽഎ തുടങ്ങിയവരും പങ്കെടുത്തു.

മുട്ടത്തറയിലെ മത്സ്യത്തൊഴിലാളി ഭവനസമുച്ചയവും മത്സ്യഫെഡ് ഫിഷ്നെറ്റ് ഫാക്ടറിയും കേന്ദ്ര മന്ത്രി സന്ദർശിച്ചു. മത്സ്യത്തൊഴിലാളികളുമായും ഫിഷ്നെറ്റ് ഫാക്ടറിയിലെ ജീവനക്കാരുമായും അദ്ദേഹം ആശയവിനിമയം നടത്തി. സാഗർ പരിക്രമ യാത്രയുടെ ഭാഗമായിട്ടായിരുന്നു സന്ദർശനം.

# PRESS INFORMATION BUREAU
# GOVERNMENT OF INDIA
# THIRUVANANTHAPURAM

| | | |
|---|---|---|
| 1 | Title of the Story / Report | Rupala reviews progress of work in Vizhinjam port |
| 2 | Name of the publication | The Hindu |
| 3 | Page no | 3 |
| 4 | Date | 13-06-2023 |
| 5 | Language of publication | English |
| 6 | Place of publication | Thiruvananthapuram |

# Rupala reviews progress of work on Vizhinjam port

The Union Minister visits the fishing net factory run by Matsyafed and the residential complex for fishermen at Muttathara. He interacts with fishermen at the factory.

**The Hindu Bureau**
THIRUVANANTHAPURAM



Union Minister of Fisheries Parshottam Rupala with fishermen during his visit to Thiruvananthapuram on Monday as part of Sagar Parikarma Yatra initiative.

Union Minister of Fisheries, Animal Husbandry and Dairying Parshottam Rupala visited Vizhinjam on Monday and reviewed the progress of work on the international seaport project as part of the Sagar Parikrama Yatra Phase VII.

Government officials informed the Union Minister that the first ship is expected to dock at Vizjinjam in September this year. Phase I is expected to be completed by May 2024. M. Vincent MLA, Vizhinjam International Seaport Ltd managing director Adeela Abdulla were present.

Mr. Rupala also visited the fishing net factory run by Matsyafed and the residential complex for fishermen at Muttathara. He interacted with the fishers and the workers at the net factory. Phase VII of Sagar Parikrama Yatra, which began at Kasaragod on June 8, concluded in Thiruvananthapuram on Monday.

The programme was meant to show solidarity with the fishers, fish farmers and related stakeholders, understand their problems and speed up the development of the fisheries sector, a statement said.